LIBRARY ARCHIVES Kerala Legislative Assembly

അജാന്തൂർ മത്സ്യബന്ധന ഇറമുഖം

166 (1993) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അജാന്തൂർ മത്സ്യബന്ധന ഇറമുഖത്തിന്റെ സാധ്യതാ പഠനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏത് ഏജൻസിയാണ് പഠനം നടത്തുന്നതെന്നും എത്ര വർഷം കൊണ്ട് പഠനം പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ ;

(സി) പഠനത്തിനായി ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും ഇനി എത്ര രൂപ ചെലവ് വരുമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) അജാന്തൂർ മത്സ്യബന്ധന ഇറമുഖത്തിന്റെ മാതൃകാപഠനം പൂനയിലെ CWPRS എന്ന ഏജൻസിയാണ് നടത്തുന്നത്. ആയതിന്റെ കരട് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ടി സ്ഥാപനം ആവശ്യപ്പെട്ട അധിക വിശദാംശങ്ങൾ ശേഖരിച്ച് വരികയാണ്. ആയത് ലഭ്യമാക്കി നാല് മാസത്തിനകം പഠനം പൂർത്തിയാക്കാമെന്നാണ് CWPRS അധികൃതർ അറിയിച്ചിട്ടുള്ളത്.

(സി) അന്വേഷണ ഗവേഷണ പ്രവൃത്തികൾക്കും മാതൃകാപഠനത്തിനുമായി ഇതുവരെ 19,79,428 രൂപ ചെലവഴിച്ചിട്ടുണ്ട്. മത്സ്യബന്ധന ഇറമുഖത്തിന്റെ അന്വേഷണ ഗവേഷണ പ്രവൃത്തികൾക്കായി 53.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പരിസ്ഥിതി പഠനം CRS റിപ്പോർട്ട്, Pollution Control Board-ന്റെ consent എന്നിവ ലഭിക്കാനുണ്ട്. ഭരണാനുമതി തുകയിൽ നിജപ്പെടുത്തി പഠനം പൂർത്തീകരിക്കാനാകുന്നതാണ്.

എലത്തൂർ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ റോഡുകൾ

167 (1994) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയെന്നും, അനുവദിച്ച തുകയും വർഷാടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും പൂർത്തീകരിക്കാത്ത റോഡുകൾ എത്രയെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത നിയോജക മണ്ഡലത്തിൽ ഭരണാനുമതിക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ എത്ര റോഡുകൾ ഉണ്ടെന്നും, അവയ്ക്ക് എന്ന് ഭരണാനുമതി ലഭ്യമാകുമെന്നും വെളിപ്പെടുത്താമോ ?